GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

24-05-2021

## കാർഷികമേഖലാവാർത്തകൾ

### 1. പ്രകൃതി ക്ഷോഭം മൂലമുള്ള നാശനഷ്ടങ്ങൾ അറിയിക്കുവാൻ 'എയിംസ് പോർട്ടൽ'

- പ്രകൃതി ക്ഷോഭം മലമുണ്ടായ കൃഷിനാശത്തിനുള്ള നഷ്ടപരിഹാരത്തിനായി കർഷകർ എയിംസ് പോർട്ടലിൽ രജിസ്റ്റർ ചെയ്യേണ്ട വിധം താഴെ പറയുന്നു.
- എയിംസ് വെബ്സൈറ്റ് സന്ദർശിക്കുക. (https://www.aims.kerala.gov.in)
- മാർഗനിർദ്ദേശങ്ങൾ ക്ലിക്ക് ചെയ്താൽ വ്യക്തിഗതലോഗിന്റേയും ഗ്രൂപ്പ് ലോഗിന്റേയും മാർഗനിർദ്ദേശങ്ങൾ ലഭിക്കുന്നതാണ്.
- ആദ്യമായി എയിംസ് പോർട്ടൽ ഉപയോഗിക്കുന്നവർ പുതിയരജിസ്ട്രേഷനിൽ ആധാർ നമ്പരും ഫോൺ നമ്പരും ഉപയോഗിച്ച് പേരും മറ്റ് വിവരങ്ങളും രജിസ്റ്റർ ചെയ്ത് പാസ്വേർഡ് സൃഷ്ടിക്കേണ്ടതാണ്.
- യൂസർനെയിമും പാസ്വേർഡും ഉപയോഗിച്ച് കർഷകലോഗിൻ ക്ലിക്ക് ചെയ്ത് പോർട്ടലിൽ കയറാവുന്നതാണ്.
- പ്രകൃതിക്ഷോഭം മൂലമുള്ള നഷ്ടം അറിയിക്കുന്നതിലേക്കായി 'റിപ്പോർട്ട് കലാമിറ്റി' ക്ലിക്ക് ചെയ്ത് വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്.
- വിളകൾ ഇൻഷുർ ചെയ്തിട്ടുള്ള കർഷകർ 15 ദിവസത്തിനകവും മറ്റ് കർഷകർ 10 ദിവസത്തിനുള്ളിലും എയിംസ് പോർട്ടലിൽ വിവരങ്ങൾ രജിസ്റ്റർ ചെയ്യേണ്ടതാണ് .
- ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ വിശദമായി 'എയിംസ്' എന്ന യൂട്യൂബ് ചാനലിൽ ഓൺലൈനായി വീക്ഷിക്കാവുന്നതാണ്. https://youtu.be/PwW6_hDvriY
- എയിംസ് മൊബൈൽ ആപ്ലിക്കേഷനും ലഭ്യമാണ്.

### 2. കെപ്കോ മുട്ടക്കോഴി ഇന്റഗ്രേഷൻ ഫാമുകൾക്കുള്ള അപേക്ഷ ക്ഷണിക്കുന്നു.

കേരള പൌൾട്രി വികസന കോർപ്പറേഷൻ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട എന്നീ ജില്ലകളിലെ കർഷകരിൽ നിന്നും ഇന്റഗ്രേഷൻ ഫാമുകൾക്കുള്ള അപേക്ഷ ക്ഷണിക്കുന്നു. ഒരു ദിവസം പ്രായമായ മുട്ടക്കോഴിക്കുഞ്ഞുങ്ങൾ, തീറ്റ, മരുന്ന് എന്നിവ നൽകി 45 ദിവസം പ്രായമാകുമ്പോൾ തിരിച്ചെടുക്കുന്നതാണ് പദ്ധതി. മാനേജിങ്ങ് ഡയറക്ടർ , കേരള പോൾട്രി വികസന കോർപ്പറേഷൻ, പേട്ട

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

,തിരുവനന്തപുരം, പിൻകോട്- 695024 എന്ന മേൽവിലാസത്തിലാണ് അപേക്ഷകൾ സമർപ്പിക്കേണ്ടത്. കൂടുതൽ വിവരങ്ങൾക്ക് വിളിക്കേണ്ടുന്ന നമ്പർ 9495000934

**ഓൺലൈൻ പരിശീലനങ്ങൾ**

3. **കേരള വെറ്ററിനറി സർവകലാശാല 'മൃഗസംരക്ഷണമേഖലയിലെ വർഷകാല മുന്നൊരുക്കങ്ങളെ' ആധാരമാക്കി നടത്തുന്ന കർഷകോൻമുഖവിദഗ്ധഭാഷണ പരമ്പരയിൽ ഇന്ന് (24-05-2021 ന്) ഉച്ചകഴിഞ്ഞ്** 2.30 ന് സർവകലാശാല പ്രൊഫസർ ഡോ അല്ലിയുടെ **'മഴക്കാലത്തെ തീറ്റക്രമവും നൂതന തീറ്റ സമ്പ്രദായങ്ങളും' എന്ന** വിഷയത്തെ കുറിച്ചുള്ള അവതരണവും തുടർന്ന് അസിസ്റ്റന്റ് പ്രൊഫസർ ഡോ സജിത് പുരുഷോത്തമന്റെ പ്രഭാഷണവും ഉണ്ടായിരിക്കുന്നതാണ്. **കർഷകരുടെ സംശയദൂരീകരണത്തിനായുള്ള അവസരവും ഒരുക്കിയിട്ടുണ്ട്. നാളെ (25-05-2021 ന്) 'പന്നിവളർത്തലും വർഷകാലമുന്നൊരുക്കങ്ങളും' എന്ന വിഷയത്തിനെ അടിസ്ഥാനപ്പെടുത്തിയാണ് പ്രഭാഷണം. വിശദ വിവരങ്ങൾക്കായി ഫോൺകോളിലൂടെയോ വാട്സ്ആപ്പിലൂടെയോ താഴെ പറയുന്ന നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്. 9446625160 / 9895213500**

4. **റബ്ബർമേഖലയിലെ** സംരംഭകത്വവികസനത്തിനായി റബ്ബർബോർഡ് **നാളെ (25-05-2021 ന്)** ഏകദിന ഓൺലൈൻ പരിശീലനം നൽകുന്നു. പരിശീലന സമയം രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ ആയിരിക്കും. ഷീറ്റുറബ്ബർനിർമ്മാണം, റബ്ബർപാലിൽനിന്നും ഉണക്കറബ്ബറിൽനിന്നുമുള്ള ഉത്പന്നങ്ങളുടെ നിർമ്മാണം എന്നീ മേഖലകളിലെ സംരംഭകത്വസാധ്യതകളാണ് പരിശീലന വിഷയം. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് **04812353127**എന്ന ഫോൺ നമ്പറിലും **04812353201** എന്ന വാട്സ്ആപ് നമ്പറിലും ബന്ധപ്പെടാം. ഇ-മെയിൽ: training@rubberboard.org.in

5. **തിരുവനന്തപുരം** വെള്ളനാട് മിത്രാനികേതൻ കൃഷിവിജ്ഞാനകേന്ദ്രത്തിൽ നിന്നും 25-05-2021 ന് ഫേസ്ബുക്ക് ലൈവിലൂടെ ഓൺലൈൻ പരിശീലനങ്ങൾ നൽകുന്നു. 'മാങ്ങയുടെ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ' എന്ന വിഷയത്തിൽ ഡോ ദേവിക ഐ രാവിലെ 10.00 നും 'ശാസ്ത്രീയ കൂൺകൃഷി' എന്ന വിഷയത്തിൽ ശ്രീമതി ബിന്ദു ആർ മാത്യൂസ് രാവിലെ 11.30 നുമാണ് പരിശീലനം നൽകുന്നത്. കൂടുതൽ വിവരങ്ങൾക്ക് 9788690044 / 9446911451 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

6. **തിരുവനന്തപുരം ക്ഷീരപരിശീലന കേന്ദ്രം** മൂല്യവർദ്ധിത ക്ഷീര ഉൽപ്പന്നങ്ങൾ എന്ന വിഷയത്തിൽ മേയ് മാസം 27 ന് ഗൂഗിൾ മീറ്റ് മുഖാന്തിരം പരിശീലനം നൽകുന്നു. താൽപര്യമുള്ളവർ മേയ് 25 ന് വൈകിട്ട് അഞ്ച് മണിക്ക് മുമ്പായി dtctvm99@gmail.com എന്ന വിലാസത്തിൽ പേര്, വിലാസം, വാട്സ്ആപ്പ് നമ്പർ എന്നിവ നൽകി രജിസ്റ്റർ ചെയ്യേണ്ടതാണെന്ന് ക്ഷീരപരിശീലനകേന്ദ്രം പ്രിൻസിപ്പാൾ അറിയിക്കുന്നു.

**7. ഹൈടെക് റിസർച്ച് ആൻഡ് ട്രെനിംഗ് യൂണിറ്റിൽ ഹൈഡ്രോപോണിക്സ് കൃഷിരീതിയിൽ പരിശീലനം**

കേരള കാർഷിക സർവകലാശാല ഹൈ ടെക് റിസേർച്ച് ആന്റ് ട്രെയിനിംങ് യൂണിറ്റ് ഹൈഡ്രോപോണിക്സ് കൃഷിരീതിയിൽ പരിശീലനം നൽകുന്നു. ഇൻസ്ട്രക്ഷണൽ ഫാം വെള്ളായണിക്കര വച്ച് നടത്തുന്ന ഈ പരിശീലനം ഓൺലൈൻ പ്ലാറ്റ് ഫോമിലാണ് നടത്തുന്നത്. മേയ് 25 മുതൽ 29 വരെ നീളുന്ന അഞ്ച് ദിവസത്തെ പരിശീലന പരിപാടി എല്ലാ ദിവസവും രാവിലെ 10 30 മുതൽ 12.30 വരെയാണ്. പ്രസ്തുത പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ വിശദവിവരങ്ങൾക്കായി താഴെ പറയുന്ന ഫോൺ നമ്പരിൽ രാവിലെ 10 നും വൈകിട്ട് 4 നും ഇടയ്ക്ക് വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്. **ഫോൺ നമ്പർ 7025498850/ 9074405964/ 0487 296 0079**

**8. പരിപാലന നിർദ്ദേശങ്ങൾ –**

കൊതുക് മുട്ടയിട്ട് പെരുകാതിരിക്കാൻ തൊഴുത്തും പരിസരവും വൃത്തിയാക്കി വയ്ക്കുവാനും വെള്ളക്കെട്ട് ഇല്ലാതാക്കുവാനും ശ്രദ്ധിക്കുക. ചാണകക്കുഴി മൂടിവയ്ക്കുവാൻ പ്രത്യേക ശ്രദ്ധ പുലർത്തുക.

കോഴിക്കൂട്ടിൽ ഈർപ്പം തങ്ങിനിൽക്കാതിരിക്കാൻ ശ്രദ്ധിക്കണം. ലിറ്റർ ഇടയ്ക്കിടയ്ക്ക് ഇളക്കി കൊടുക്കുന്നതും കേടുവന്നാൽ മാറ്റുന്നതും നല്ലതാണ്.